# ജനാധികാരം – സംകല്പവും സാക്ഷാത്കാരവും


**2005 ജൂൺ 11, 12 തിയ്യതികളിൽ കാലടി ശ്രീശങ്കര സംസ്കൃത സർവ്വകലാശാല ലക്ചർ ഹാളിൽ 'ജനാധികാരം: സങ്കല്പവും സാക്ഷാത്കാരവും' എന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പരിപാടിയിൽ ഡോ. നിസാർ അഹമ്മദ് നടത്തിയ പ്രഭാഷണത്തിന്റെ സ്വതന്ത്ര സംഗ്രഹം.**

**തയ്യാറാക്കിയത് : സി. ബിന്ദു**

ജനാധികാരം എന്നാൽ ജനങ്ങളിൽ ഓരോ വ്യക്തിക്കും രാഷ്ട്രീയ ക്രമീകരണങ്ങളിൽ ഇടപെടാനും, തീരുമാനമെടുക്കാനും സാധ്യമാകുന്ന അവസ്ഥ. ചിലർ അധികാരത്തേയും ശക്തിയേയും ഒരേ അർത്ഥത്തിൽ കാണുന്നുണ്ട്. അധികാരം അധികരിക്കുക എന്നാണ് അർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. പക്ഷേ ശക്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കേവലമായ (neutral) ശക്തിയാണ്. ഉദാഹരണത്തിന് ഒരു കസേര ഉയർത്താൻ ശക്തി ആവശ്യമാണ്. പക്ഷേ മധു എന്ന വിദ്യാർത്ഥിയോട് അദ്ധ്യാപകന് 'മധു എഴുന്നേൽക്കൂ' എന്നു പറയാൻ ശക്തി മാത്രം പോരാ. അധികരിക്കാനുള്ള കഴിവും വേണം. ആ കഴിവ് നിയമപരമായും രാഷ്ട്രീയപരമായും ഉള്ള ഒരു വ്യവസ്ഥയ്ക്കകത്ത് ഒരാളുടെ മാനസിക വികാരത്തിലൂടെ ഉണ്ടാവുന്നതാണ്. അധികാരം യഥാർത്ഥത്തിൽ ശക്തി തന്നെയാണ്. പക്ഷേ ശക്തി അധികാരമാവണം എന്നില്ല. ഒരു വ്യക്തിയെ, അവനോ, അവളോ ആക്കി മാറ്റുന്ന ശക്തിക്ക് നിയമപരമായും രാഷ്ട്രീയപരമായും സാദ്ധ്യതയുണ്ടാവുമ്പോൾ അത് അധികാരമായി മാറുന്നു.

ഇങ്ങനെയുള്ള അധികാരം എന്ന പ്രക്രിയയെ അപഗ്രഥിക്കുമ്പോൾ അതിൽ പ്രധാനമായി രണ്ടു ഘടകങ്ങൾ കാണാം. ഒന്ന്, ഒരാളെ ഒരു കാര്യം ചെയ്യാൻ പ്രാപ്തമാക്കുന്ന സാമൂഹ്യവ്യവസ്ഥ. രണ്ട് ജനത്തെ മുഴുവൻ അധികാരപ്പെടുത്തുന്ന മറ്റൊരു നിയമവ്യവസ്ഥ. ഒരു വ്യവസ്ഥയിലൂടെയോ അല്ലെങ്കിൽ സ്ഥാപനത്തിലൂടെയോ ആണ് ഒരാൾക്ക് ഒരു പ്രവൃത്തി ചെയ്യാനുള്ള ശേഷി/ശക്തി കൈവരുന്നത്. അദ്ധ്യാപകന് പഠിപ്പിക്കാനുള്ള അധികാരവും വിദ്യാർത്ഥിക്ക് പഠിക്കാനുള്ള അവകാശവും എന്നത് നിയമപരമായും രാഷ്ട്രീയമായും ബന്ധമുള്ളതാണ്. എന്നാൽ കുടുംബം എന്ന സ്ഥാപനത്തിന് രാഷ്ട്രീയമായും നിയമപരമായും ഒരു ബന്ധവും ഇല്ല. ഈ സ്ഥാപനത്തിൽ അധികാരം അലിഖിത രൂപത്തിലാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ സാമൂഹികസ്ഥാപനങ്ങൾ എല്ലാംതന്നെ രാഷ്ട്രീയമാവണമെന്നില്ല.

രാഷ്ട്രീയാധികാരം എന്നതുകൊണ്ടുദ്ദേശിക്കുന്നത് സാമൂഹികവ്യവസ്ഥയിലെ ക്രമീകരണങ്ങളിൽ ഇടപെടാനും അതിന്റെ മാറ്റങ്ങളെ സംബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കാനുമുള്ള അധികാരത്തെയാണ്. 'സ്റ്റേറ്റ്' എന്നത് ഈ രാഷ്ട്രീയാധികാരത്തിന്റെ പ്രതീകമാണ്. ജനാധിപത്യ സമ്പ്രദായത്തിൽ ഈ രാഷ്ട്രീയാധികാരം നിയമാധികാരമായി മാറുകയാണ്. കാരണം, സ്റ്റേറ്റിന്റെ ചട്ടങ്ങളെ ലംഘിക്കുന്നവരെ



ചിത്രീകരണം : പൂജ

ശിക്ഷിക്കാനുള്ള അധികാരം അതിനുണ്ട്.

ജനാധികാരം എന്നതിന്റെ സംകല്പവും സാക്ഷാത്കാരവും ജനാധിപത്യവ്യവസ്ഥയിൽ എങ്ങനെയൊക്കെയാവാം എന്നുള്ളതാണ് ഇവിടത്തെ കാതലായ പ്രശ്നം. ജനാധിപത്യവ്യവസ്ഥയിൽ അധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്. ജനാധിപത്യം എന്നത് ഒരു ജനഭരണ സംവിധാനമാണ്. ജനാധികാരം ജനാധിപത്യത്തിൽനിന്നും വ്യത്യസ്തമാണ്. ഇവിടെ 'ജനം' ആരാണ്, എന്താണ്, എന്നുള്ളത് നിർവ്വചിക്കാൻ പറ്റാത്ത ഗണമായതുകൊണ്ട് ജനാധികാരം എളുപ്പത്തിൽ നിർണ്ണയിക്കാൻ കഴിയില്ല. പ്രതിനിധികൾ (representatives) പ്രതിനിധാനം ചെയ്യുന്ന 'ജനം' എന്ന ഒന്ന് ഉണ്ട് എന്ന് അനുമാനിച്ചുകൊണ്ടാണ് നാം 'ജനാധികാരം' എന്ന സംകല്പത്തെ അപഗ്രഥിക്കുന്നത്.

ചരിത്രപരമായി അപഗ്രഥിക്കുമ്പോൾ രണ്ടു രീതിയിലാണ് ജനാധിപത്യം നടപ്പിലാക്കിയിട്ടുള്ളത്. ഗ്രീക്ക് സമ്പ്രദായത്തിലുണ്ടായിരുന്ന 'നേരിട്ടുള്ള ജനാധിപത്യ'വും ആധുനിക സമ്പ്രദായത്തിലെ റിപ്പബ്ലിക് അല്ലെങ്കിൽ പ്രാതിനിധ്യ ജനാധിപത്യം അല്ലെങ്കിൽ പരോക്ഷ ജനാധിപത്യവുമാണവ. ഏതൻസിൽ മാത്രമാണ് നേരിട്ടുള്ള ജനാധിപത്യം സാക്ഷാത്കരിക്കപ്പെട്ടു എന്നു പറയപ്പെടുന്നത്. പക്ഷേ ഈ നേരിട്ടുള്ള ജനാധിപത്യത്തിൽ ജനാധികാര സാക്ഷാത്കാരം ഒരു മിഥ്യാധാരണ മാത്രമാണ്. വളരെ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ രാഷ്ട്രീയ കാര്യങ്ങൾ നേരിട്ട് ചർച്ച

**ജനാധികാരം ജനാധിപത്യത്തിൽനിന്നും വ്യത്യസ്തമാണ്. ഇവിടെ 'ജനം' ആരാണ്, എന്താണ്, എന്നുള്ളത് നിർവ്വചിക്കാൻ പറ്റാത്ത ഗണമായതുകൊണ്ട് ജനാധികാരം എളുപ്പത്തിൽ നിർണ്ണയിക്കാൻ കഴിയില്ല. പ്രതിനിധികൾ പ്രതിനിധാനം ചെയ്യുന്ന 'ജനം' എന്ന ഒന്ന് ഉണ്ട് എന്ന് അനുമാനിച്ചുകൊണ്ടാണ് നാം 'ജനാധികാരം' എന്ന സംകല്പത്തെ അപഗ്രഥിക്കുന്നത്.**

ചെയ്യാനും തീരുമാനമെടുക്കാനും എളുപ്പമായിരിക്കും. പക്ഷേ ജനസംഖ്യ കൂടിയ ആധുനിക ജനസമൂഹത്തിൽ നേരിട്ടുള്ള ജനാധിപത്യം സാധ്യമല്ല. ഒരു പ്രാതിനിധ്യ ഭരണസംവിധാനത്തിന് മാത്രമേ സാധ്യതയുള്ളൂ. ഇങ്ങനെ പ്രതിനിധികൾ മുഖാന്തരം ജനാധിപത്യം സാക്ഷാത്കരിക്കുന്നതിനെ പരോക്ഷ ജനാധിപത്യം എന്നു പറയുന്നു. അമേരിക്കയിലും മറ്റും ഭരണഘടനാപരമായ പരാമർശങ്ങളിൽ 'ജനാധിപത്യം' എന്ന പദം ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അവർ അതിനെ റിപ്പബ്ലിക് എന്നാണ് വിളിക്കുന്നത്. ഇത് പ്ലാറ്റോയുടെ വീക്ഷണത്തിലുള്ള റിപ്പബ്ലിക്കിൽനിന്നും വ്യത്യസ്തമാണ്. തത്വജ്ഞാനി രാജാവിന് (ഫിലോസഫർ കിങ്ങിന്) ആധുനിക റിപ്പബ്ലിക്കിൽ പ്രസക്തി ഇല്ല. ജനങ്ങളെ പ്രതിനിധാനം ചെയ്യുന്ന വിദഗ്ദ്ധന്മാരുടെ ഭരണസംവിധാനമാണ് ആധുനിക റിപ്പബ്ലിക്കിൽ ഉള്ളത്. അതുകൊണ്ടു തന്നെ റിപ്പബ്ലിക്ക് ഒരു പ്രാതിനിധ്യ ഭരണസംവിധാനം ആണ്. അത് ജനാധിപത്യമാവണം എന്നില്ല.

പ്രതിനിധാനം എന്ന സംകല്പനത്തിൽ തന്നെ ജനാധിപത്യത്തിന്റെ പ്രശ്നങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾ രണ്ടു രീതിയിൽ തരംതിരിക്കാം. ഒന്ന്, ലോജിക്കൽ പ്രശ്നങ്ങൾ. രണ്ട് ധാർമ്മിക പ്രശ്നങ്ങൾ. പ്രതിനിധാനവ്യവസ്ഥയിൽ ഓരോ വ്യക്തിക്കും അവരുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ പറ്റുന്ന സ്ഥിതിയില്ല. ഭൂരിപക്ഷത്തിന്റെ തീരുമാനങ്ങളാണ് ഇവിടെ പ്രാവർത്തികമാവുന്നത്. അതായത് ന്യൂനപക്ഷത്തിന് ജനാധികാരം ഇല്ലാതാവുന്നു. ഇവിടെ ന്യൂനപക്ഷത്തിന്റെ സ്വാതന്ത്ര്യവും സമത്വവും ബലിയാടാവുകയാണ്. അതുകൊണ്ടുതന്നെ ഭൂരിപക്ഷത്തിന് ന്യൂനപക്ഷത്തിന്റെ സമത്വവും സ്വാതന്ത്ര്യവും മറ്റെല്ലാ അവകാശങ്ങളെയും നിഷേധിക്കാം. അതിനർത്ഥം ന്യൂനപക്ഷത്തിന്റെ അവകാശങ്ങളെ നിർണ്ണയിക്കാനുള്ള അധികാരം ഭൂരിപക്ഷത്തിന് ഉണ്ട് എന്നാണ്.

ലോജിക്കൽ ആയ മറ്റൊരു പ്രശ്നം പ്രതിനിധാനസംവിധാനത്തിലെ ജനാധിപത്യത്തിന്റേതാണ്. ജനാധിപത്യം വിവക്ഷിക്കുന്നത് എല്ലാവരും തുല്യരാണ്, എല്ലാവരും സ്വതന്ത്രരാണ്, എല്ലാവർക്കും അതിനുള്ള അധികാരമുണ്ട് എന്നതാണ്. ഉദാഹരണത്തിന് ഭൂരിപക്ഷം തീരുമാനിക്കുന്ന ഒരു പ്രവർത്തി 'ക' യും, ന്യൂനപക്ഷം തീരുമാനിക്കുന്നത് 'ക-അല്ലാത്തത്' എന്നിരിക്കട്ടെ. ഇവിടെ 'ക-അല്ലാത്ത'തിന് എതിരാണ് 'ക'യുടെ തീരുമാനം. പക്ഷേ ജനാധിപത്യത്തിൽ 'ക'യും 'ക-അല്ലാത്ത'തും ഒരുപോലെ അംഗീകരിക്കേണ്ടിവരും. 'ക'യും 'ക-അല്ലാത്ത'തും ജനം ആയതുകൊണ്ട് ആരെയും ജനാധിപത്യം ഒഴിവാക്കുന്നില്ല. ഇത് ജനാധിപത്യത്തിന്റെ പരിഹരിക്കാൻ പറ്റാത്ത പ്രതിസന്ധിയാണ്. പക്ഷേ ഇത്തരം ലോജിക്കൽ പ്രശ്നങ്ങൾ വരുമ്പോൾ അതിൽ അന്തർലീനമായി കിടക്കുന്ന കാര്യങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.

ഭരണഘടനാ ഭരണവാദം (Constitutionalism) പ്രശ്നപരിഹാരമായി കാണാം. ജനാധിപത്യത്തിലൂടെ പ്രതിനിധാനം ചെയ്യുന്ന പ്രതിനിധികളുടെ അധികാരം ഭരണഘടനയുടെ ഭാഗമായ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയാണ് ഭരണഘടനാ ഭരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ആശയപരമായി ഈ നടപടി സാധ്യമാണെങ്കിലും പ്രാവർത്തികമായി ഇതിന് ഗ്യാരന്റി ഇല്ല. ഇവിടെയും ന്യൂനപക്ഷത്തിന്റെ സമത്വവും സ്വാതന്ത്ര്യവും ഭീഷണിയിലാവാം. ഭരണഘടനാധിഷ്ഠിത വ്യവസ്ഥയുടെ സംകല്പം സ്വരൂപിക്കുന്ന സമയത്തുതന്നെ സമത്വം, സ്വാതന്ത്ര്യം എന്നീ സംകല്പങ്ങൾ ഒട്ടിച്ചുച്ചേർക്കപ്പെടുകയാണ്. ഭരണഘടനാഭരണം നടപ്പിലാവുമ്പോൾ ജനാധികാരത്തിലൂടെ സമത്വവും സ്വാതന്ത്ര്യവും നേടുകയല്ല, മറിച്ച് ഇവയൊക്കെ അവിടെ ഉണ്ട് എന്ന സംകല്പത്തിൽ മുൻവിധിയോടെ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്.

യഥാർത്ഥത്തിൽ സമത്വം, സ്വാതന്ത്ര്യം ഇവയൊക്കെ സംകല്പനങ്ങളാണ്. അവ ഘനീഭവിച്ചുകിടക്കേണ്ട വസ്തുക്കൾ അല്ല. അവയെല്ലാം തന്നെ നിർമ്മിച്ചെടുക്കുന്നതിനവലംബിക്കേണ്ട സംകല്പരൂപങ്ങളാണ്. ജനാധികാരം കുറവുകളില്ലാത്ത അവസ്ഥയല്ല. അത് ചരിത്രപരവും ഉത്തരവാദിത്വത്തിലൂടെ കടന്നുവരുന്നതാണ്. ജനാധികാരം മൂല്യവത്താകുന്നത് ചരിത്രപരവും ബാധ്യതകൊണ്ടല്ല മറിച്ച് സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിത്തറയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഈ അർത്ഥത്തിൽ ജനപ്രതിനിധികളിൽ സ്നേഹവും വിശ്വാസവും ഉണ്ടെങ്കിൽ ജനാധികാരം സാധ്യമായേക്കാം. പക്ഷേ ഒരു ജനപ്രതിനിധിക്ക് ജനങ്ങളെ പ്രതിനിധാനം ചെയ്യാൻ കഴിയുമോ എന്നത് പ്രധാന പ്രശ്നമാണ്.

എന്തൊക്കെയാണ് പ്രാതിനിധ്യ അധികാരത്തിന്റെ പ്രശ്നങ്ങൾ? 'ക' എന്ന വ്യക്തി 'പ' എന്ന വ്യക്തിയെ പ്രതിനിധീകരിക്കുന്നു എന്നു പറയുമ്പോൾ എന്താണുണ്ടാവുന്നത് ? പ്രതിനിധിയും പ്രതിനിധീകരിക്കപ്പെടുന്നവരും തമ്മിൽ ഒരു പാട് അകലം ഉണ്ടാവുന്നുണ്ട്. ഇത് ഭാഷയുടെ പ്രശ്നം കൂടിയാണ്. 'ക' എന്ന വ്യക്തി 'പ' എന്ന വ്യക്തിയെ പ്രതിനിധീകരിക്കുമ്പോൾ 'ക' എന്ന വ്യക്തി 'പ' യുടെ പ്രശ്നങ്ങളെ വിവരിക്കുകയാണ് (reporting) ചെയ്യുന്നത്. വ്യാഖ്യാനങ്ങൾ ഇല്ലാതെ വിവരണം സാധ്യമല്ല. ഗാർഫിങ്കൽ എന്ന ചിന്തകൻ പറയുന്ന എത്തനോ മെത്തഡോളജി (ethno methodology) ഇവിടെ പ്രസക്തമാണ്. എത്തനോ മെത്തഡോളജി എന്നാൽ ഒരു സമൂഹത്തിൽ ജനം ഉപയോഗിക്കുന്ന സംകല്പന സാമഗ്രികൾ എടുത്തുകൊണ്ടു തന്നെ ആ സമൂഹത്തെ പഠിക്കുന്ന ശാസ്ത്രമാണ്. ഇത്തരം പഠനത്തിലൂടെ ഒരു വ്യക്തി ആരെയും പ്രതിനിധാനം ചെയ്യുന്നില്ല. മറിച്ച് തനിക്ക് പഠനത്തിലൂടെ ലഭിക്കുന്ന അനുഭവങ്ങളെ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. രാഷ്ട്രീയ പ്രതിനിധാനത്തിൽ ഇത്തരം പഠനങ്ങൾ നടക്കുകയില്ല.

ഉദാഹരണത്തിന് ജനം വെള്ളത്തിന്റെ പ്രശ്നം, തൊഴിലില്ലായ്മ പ്രശ്നം തുടങ്ങിയവ അവതരിപ്പിക്കുമ്പോൾ പ്രതിനിധികൾ ആദ്യം പുനരവതരണം (re-present) ചെയ്ത് കാര്യം ഒരു സ്കീമിൽ ഇടുകയും അതിനെ ചില താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക രീതിയിൽ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള പ്രതിനിധാനങ്ങളിലൂടെയാണ് പല താൽപ്പര്യങ്ങൾ നിലനിർത്തുന്ന പാർട്ടികൾ ഉണ്ടാവുന്നത്. അസമത്വം സമൂഹത്തിൽ നിലനിൽക്കുന്നത് ഇത്തരം ബഹുല വ്യാഖ്യാനങ്ങൾ സാധ്യമാവുന്നതുകൊണ്ടാണ്. ജനാധിപത്യ സംകല്പം പരാജയപ്പെടുന്നതിന് ഒരു കാരണം ഇതാണ്. പ്രതിനിധാനത്തിന്റെ ഈ പ്രശ്നത്തിൽനിന്ന് മാറി നിൽക്കാൻ സാധ്യമല്ല. ഇതിന് പ്രാവർത്തികമായ ഒരു പരിഹാരം *ceteris paribus clause* അംഗീകരിക്കുക എന്നതാണ്. ഇവിടെ ജനാധിപത്യ സംകല്പം പ്രതിനിധാന സംവിധാനത്തിലൂടെ പ്രശ്നങ്ങളുടെ തീരുമാനങ്ങൾ ചോദ്യം ചെയ്യാനും അംഗീകരിക്കാനും വേണ്ടിയുള്ള വേദിയായി മാറുകയാണ്. ഇത് വേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

ജനാധിപത്യ സംകല്പത്തിൽ 'ജനം' എന്ന് സംബോധന ചെയ്യുന്നത് നിഷേധാത്മകമായ (negative) അനുഭവങ്ങൾ ഉള്ള ആളുകളെയല്ല മറിച്ച് വാസ്തവികമായ (positive) അനുഭവങ്ങൾ ഉള്ള ആളുകളെയാണ്. ജനത്തെ ഇവിടെ നിർവ്വചിക്കുന്നത് പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ്. അതായത് പ്രശ്നം എന്താണെന്ന് നാം എങ്ങനെയാണോ നോക്കിക്കാണുന്നത് അല്ലെങ്കിൽ വ്യാഖ്യാനിച്ചെടുക്കുന്നത് അതനുസരിച്ചായിരിക്കും ജനസാകല്പം. ഈ അർത്ഥത്തിൽ ജനം ഒരു അമൂർത്തമായ വസ്തുവാണ്. അത് പ്രത്യേക മാനസിക അവസ്ഥ രൂപപ്പെടുത്തുന്നതിലൂടെ നിർമ്മിച്ചെടുക്കാവുന്നതാണ്. ജനാധികാരം അതുകൊണ്ടുതന്നെ ന്യൂനപക്ഷത്തെ ചെറുത്തുനിൽക്കാനുള്ള അനുമതിയായി മാത്രമേ നിലനിൽക്കുകയുള്ളൂ. ജനം (being born) എന്ന വർഗ്ഗം എപ്പോഴും സ്വയം നിഷേധിക്കപ്പെടും.

യൂറോപ്പിൽ നാഷൺ (nation) എന്നു പറയുന്ന ജനത്തെ ഇന്ത്യയിൽ പല രീതിയിലാണ് വ്യാഖ്യാനിക്കുന്നത്. ഗാന്ധിജി ജനതതിയെയാണ് (population) നാഷൺ എന്ന സംകല്പത്തിലൂടെ കാണുന്നത്. ഹിന്ദുത്വവാദികൾ ജനം എന്നതുകൊണ്ട് ഭൂദേശ സംസ്കാരത്തെയാണ് സൂചിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ ജനം ഒരു പ്രത്യേക കൂട്ടമായി മാത്രമാണ് രാഷ്ട്രത്തിൽ നിലനിൽക്കുന്നത്. ആ കൂട്ടത്തിൽ പെടാത്തവർ രാഷ്ട്രത്തിന്റെ ഭാഗമല്ലാതെ വരും. സ്വതന്ത്ര ഭാരത സംകല്പവും ഇന്ത്യ വിഭജിച്ചതും ഇതിന് ഉത്തമ ഉദാഹരണമാണ്. ഇത്രയും കാര്യങ്ങളിലൂടെ മനസ്സിലാവുന്നത് നാം എങ്ങനെയാണോ ജനത്തെ നിർവ്വചിക്കുന്നത് അതനുസരിച്ചായിരിക്കും അതിന്റെ സാധ്യത എന്നാകുന്നു.. അതുകൊണ്ടുതന്നെ 'ജനം' എന്ന സംകല്പവും അനിർവചനീയമാണ്.

ജനം എല്ലാവരും ഒരുപോലെ (homogenous) എന്ന സംകല്പത്തിൽനിന്നാണ് ജനാധികാരം എന്ന സംകല്പമുണ്ടാവുന്നത്. ഇത് ജനത്തെ നിഷ്കളങ്ക ആശയമായി ചിത്രീകരിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ഓരോരുത്തരുടെയും അനുഭവങ്ങൾ വ്യത്യസ്തമായതുകൊണ്ട് ജനങ്ങൾ എല്ലാതരത്തിലും വ്യത്യസ്തരാണ് (heterogenous).

**ജനാധികാരം മൂല്യവത്താകുന്നത് ചരിത്രപരവും സാമൂഹികവുമായ ബാധ്യതകൊണ്ടല്ല മറിച്ച് സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിത്തറയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ്.**

ഇങ്ങനെ ജനങ്ങളെ വ്യത്യസ്ത സവിശേഷങ്ങളായി ചിത്രീകരിക്കുമ്പോൾ 'ജനാധികാരം ജനങ്ങളിലൂടെ' എന്ന സങ്കൽപ്പം രണ്ടു രീതിയിൽ സാധ്യമാവും. ഒന്ന്, പ്രശ്നങ്ങളെ ചെറുത്തുനിൽക്കാൻ കെൽപ്പുള്ളവർക്ക് ജനങ്ങളെ അധികരിക്കാൻ കഴിയും. രണ്ട്, മൂല്യത്തെ കേന്ദ്രീകരിച്ചറിവുള്ളവർക്ക് നല്ല ഭരണം കാഴ്ചവയ്ക്കാൻ സാധിക്കും. അതായത് പ്രഗല്ഭർ അല്ലെങ്കിൽ അനുഭവപാടവമുള്ളവരുടെ ഭരണത്തിലൂടെ ജനാധികാരം സാക്ഷാത്കരിക്കാൻ സാധിക്കും. പക്ഷേ ഇങ്ങനെയുള്ള ജനാധികാര സംകല്പങ്ങളൊന്നും നൂറുശതമാനം ഉറപ്പുള്ളതാണെന്ന് അവകാശപ്പെടാൻ കഴിയില്ല. ഇവിടെ ജനാധികാര പ്രശ്നങ്ങൾക്ക് അതിന്റേതായ പോരായ്മകൾ അംഗീകരിച്ചുകൊണ്ടുതന്നെ അത് നിലനിർത്തണം. ജനാധികാരം എളുപ്പം ഉടയാൻ പാകത്തിലുള്ള സ്ഥിതിവിശേഷമാണ്. ജനപ്രതിനിധികളിലാരും എല്ലാ പ്രശ്നങ്ങളും സസൂക്ഷ്മം ശ്രദ്ധിക്കാനും പരിഹരിക്കാനും പ്രാപ്തിയുള്ളവരല്ല. കാരണം പ്രതിനിധിയും പ്രതിനിധാനവും തമ്മിലുള്ള ബന്ധം എപ്പോൾ വേണമെങ്കിലും വേർപെടാം. ജനാധികാരം, അതിന്റേതായ ദുർബ്ബലതകൾ മനസ്സിലാക്കി സൂക്ഷ്മ സംവേദനക്ഷമതയോടെ ധ്യാനോന്മുഖമായി കാണേണ്ടിയിരിക്കുന്നു.

രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൂടെ അല്ലെങ്കിൽ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ ജനാധികാരം വീണ്ടെടുക്കാനും നിലനിർത്താനും ശ്രമിക്കുമ്പോൾ ജനങ്ങൾക്ക് വ്യത്യസ്ത വ്യവസ്ഥകളിൽ അല്ലെങ്കിൽ സമ്പ്രദായങ്ങളിൽ ഉള്ള പങ്ക് എന്താണെന്നുകൂടി പരിഗണിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ജനാധികാരം സാക്ഷാത്കരിക്കപ്പെടുന്നത് സാമൂഹ്യവ്യവസ്ഥയുടെ ധമനികളിലൂടെ ജനങ്ങൾ പരസ്പരം ബന്ധപ്പെടുമ്പോഴാണ്. വ്യവസ്ഥ എന്നത് ഒരു ബൃഹത് ശൃംഖലയാണ്. അത് കാണാനോ തൊടാനോ പറ്റുന്ന വസ്തുവല്ല. പ്രത്യക്ഷത്തിൽ ജനങ്ങളും അവരുടെ പ്രവർത്തനങ്ങളും മാത്രമേ ഉള്ളൂ. ഒരു വ്യവസ്ഥ സമൂഹത്തിൽ കടന്നുവരുന്നത് ജനങ്ങളിലൂടെയാണെങ്കിലും അത് അവരുടെ അറിവോടുകൂടിയല്ല. അതുകൊണ്ടുതന്നെ ഒരു വ്യവസ്ഥയെ നിർമ്മിച്ചെടുക്കുന്ന സൂക്ഷ്മ സംവേദനശക്തി ജനങ്ങളുടെ അറിവല്ല മറിച്ച് അവരുടെ മനസ്ഥിതിയാണ്. ഒരു പ്രത്യേക മനസ്ഥിതി നിലനിൽക്കുന്നതുകൊണ്ടാണ് ജനങ്ങൾ ആ വ്യവസ്ഥയോട് ഇഴുകിച്ചേർന്നുനിൽക്കുന്നത്. വ്യവസ്ഥ എന്നുള്ളത് ജനങ്ങളുടെ മനസ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്. പരസ്യങ്ങൾ അടക്കമുള്ള വ്യവസ്ഥകൾ സമൂഹത്തിൽ നിലനിൽക്കുന്നത് ജനങ്ങളുടെ മനസ്ഥിതിയിലൂടെയാണ്. പക്ഷേ ഒരു വ്യവസ്ഥ ശരിയോ തെറ്റോ എന്ന് തീരുമാനിക്കാൻ എളുപ്പവിദ്യയൊന്നുമില്ല. ഇവിടെ നാം ചോദിക്കേണ്ടത് ഈ വ്യവസ്ഥ ജനത്തിന് ഗുണം ചെയ്യുന്നുണ്ടോ ഇല്ലയോ എന്നാണ്. അതനുസരിച്ചായിരിക്കും 'ജനം' 'അധികാരം' എന്ന സംകല്പങ്ങളെ

**യഥാർത്ഥത്തിൽ ജനാധികാരം സാക്ഷാത്കരിക്കപ്പെടുന്നത് സാമൂഹികവ്യവസ്ഥയുടെ ധമനികളിലൂടെ ജനങ്ങൾ പരസ്പരം ബന്ധപ്പെടുമ്പോഴാണ്. വ്യവസ്ഥ എന്നത് ഒരു ബൃഹത് ശൃംഖലയാണ്. അത് കാണാനോ തൊടാനോ പറ്റുന്ന വസ്തുവല്ല. പ്രത്യക്ഷത്തിൽ ജനങ്ങളും അവരുടെ പ്രവർത്തനങ്ങളും മാത്രമേ ഉള്ളൂ. ഒരു വ്യവസ്ഥ സമൂഹത്തിൽ കടന്നുവരുന്നത് ജനങ്ങളിലൂടെയാണെങ്കിലും അത് അവരുടെ അറിവോടുകൂടിയല്ല. അതുകൊണ്ടുതന്നെ ഒരു വ്യവസ്ഥയെ നിർമ്മിച്ചെടുക്കുന്ന സൂക്ഷ്മ സംവേദനശക്തി ജനങ്ങളുടെ അറിവല്ല മറിച്ച് അവരുടെ മനസ്ഥിതിയാണ്. ഒരു പ്രത്യേക മനസ്ഥിതി നിലനിൽക്കുന്നതുകൊണ്ടാണ് ജനങ്ങൾ ആ വ്യവസ്ഥയോട് ഇഴുകിച്ചേർന്നു നിൽക്കുന്നത്. വ്യവസ്ഥ എന്നുള്ളത് ജനങ്ങളുടെ മനസ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്.**

പുനർനിർവ്വചിക്കേണ്ടത്. ഒരു വ്യവസ്ഥ സമൂഹത്തിൽ നിലനിൽക്കുന്നത് ഒരു പ്രത്യേക മനോഭാവം ജനങ്ങൾ പതിവായ പ്രവർത്തനങ്ങളിലൂടെ നിർമ്മിച്ചെടുക്കുന്നതുകൊണ്ടാണ്. കേരളത്തിലെ സംഘടനാ മനോഭാവം ഇങ്ങനെ നിർമ്മിച്ചെടുത്തതാണ്.

മനുഷ്യൻ നൂറ്റാണ്ടുകൾ പിന്നിടുമ്പോൾ വ്യവസ്ഥകളുടെ ഭാഗമായി ഒരു ആശ്രിത മനോഭാവമുള്ള ജീവിതരീതിയാണ് ഉണ്ടാക്കിയെടുത്തിട്ടുള്ളത്. ഇന്ന് മനുഷ്യൻ നേരിട്ട് ഇടപെട്ടുകൊണ്ട് പ്രകൃതിവിഭവങ്ങളെ ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്നതിന് ഒട്ടും പ്രാധാന്യമില്ല. അതിനു പകരം ഉത്പാദനത്തിനുമേലുള്ള ഉത്പാദനത്തിനാണ്, രണ്ടാംക്രമ ഉത്പാദനത്തിന്, ആണ് ഏറ്റവും കൂടുതൽ പ്രാധാന്യമുള്ളത്. ഇന്നത്തെ വ്യവസ്ഥയിൽ വികസന മനോഭാവം ഉണ്ടാവുന്നത് ഈ രണ്ടാംക്രമ ഉത്പാദനത്തിൽ വർദ്ധനവുണ്ടാവുമ്പോഴാണ്. ഈ സമീപനം പ്രകൃതിവിഭവങ്ങളെ അങ്ങേയറ്റം ചൂഷണത്തിന് വിധേയമാക്കിക്കൊണ്ട് പരമാവധി സമ്പത്ത് ഉത്പാദിപ്പിക്കാൻ വേണ്ടിയാണ്. ഈ വ്യവസ്ഥയെ അല്ലെങ്കിൽ മനസ്ഥിതിയെ പ്രതിരോധിക്കുന്ന ഏതൊരു വിഭാഗത്തെയും പ്രാന്ത വിഭാഗമായി (marginalised group) നിർമ്മിച്ചെടുക്കാനുള്ള ന്യായവാദം ആ വ്യവസ്ഥയിൽ തന്നെ അടങ്ങിയിരിക്കുന്നു.

രാഷ്ട്രീയ പ്രസ്ഥാനങ്ങളും മറ്റും അവരുടെ പ്രവർത്തനങ്ങളിൽ പ്രധാനമായി ഊന്നൽ നൽകേണ്ടത് ഈ വ്യവസ്ഥയുടെ ഉറവിടത്തിലാണ്. ഓരോ പ്രശ്നങ്ങൾ ഉണ്ടാവുമ്പോഴും അത് എങ്ങനെ സംഭവിച്ചു, അതിന്റെ പിന്നിലെ മനസ്ഥിതി എന്താണ്, അതിന്റെ ഘടനകൾ എന്തൊക്കെയാണ്, എങ്ങനെയാണ് ഈ ഘടനകൾ ഘടിപ്പിച്ചിരിക്കുന്നത് എന്നൊക്കെ അന്വേഷിച്ചു കണ്ടെത്തിയ ശേഷമാണ് ആ പ്രശ്നങ്ങളിലെ നന്മതിന്മകളെ അഭിസംബോധന ചെയ്യേണ്ടത്. ഇതാണ് രാഷ്ട്രീയവ്യവസ്ഥയോടുള്ള സൂക്ഷ്മ സംവേദന ക്ഷമത. പ്ലാച്ചിമട കാര്യത്തിൽ, ഇത്തരത്തിൽ വ്യവസ്ഥയെ മനസ്സിലാക്കാൻ പഞ്ചായത്ത് അധികാരികൾക്ക് സാധിക്കേണ്ടതാണ്. ഇവിടെ തദ്ദേശീയ ജനങ്ങൾ അധികാരത്തിൽ വരുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് ജനങ്ങൾക്ക് അവരുടെ പ്രകൃതിവിഭവങ്ങളിലുള്ള അധികാരം വീണ്ടെടുക്കുക എന്നതാണ്. പക്ഷേ പ്ലാച്ചിമടയിലെ ജനങ്ങൾ മാത്രം തീരുമാനിച്ചതുകൊണ്ട് കോക്കകോള ഫാക്ടറി ഇല്ലാതാവുന്നില്ല. ഇവിടെ ജനതാൽപ്പര്യം നടപ്പിലാവണമെങ്കിൽ ആ പ്രത്യേക സ്ഥാപനത്തെ നിലനിർത്തുന്ന മനസ്ഥിതിയുടെ മൂലശക്തിയിൽ മറഞ്ഞു കിടക്കുന്ന നിക്ഷിപ്ത താൽപ്പര്യങ്ങൾ പുറത്തു കൊണ്ടുവരാൻ പ്രാപ്തിയുള്ള ജനപ്രതിനിധികൾ കടന്നുവരേണ്ടതുണ്ട്.

ഇന്ത്യൻ ഭരണഘടനാ സംവിധാനത്തിൽ നിയമങ്ങൾ മാറ്റാനുള്ള പൂർണ്ണ അധികാരം ജനപ്രതിനിധികൾക്കാണ്. ജനങ്ങൾക്ക് അതിനുള്ള അധികാരമില്ല. അതുകൊണ്ടുതന്നെ സാമൂഹികാധികാരവും (socially mediated power) രാഷ്ട്രീയ അധികാരവും ഒന്നല്ല. സാമൂഹിക അധികാരത്തിലൂടെയാണ് ഒരു സ്ഥാപനത്തിനകത്ത് ഒരു വ്യക്തി തന്റെ പ്രവൃത്തി ചെയ്യാനുള്ള ശക്തി നേടിയെടുക്കുന്നത്. ഇതിന് നിയമാധികാരം ആവശ്യമില്ല. പക്ഷേ രാഷ്ട്രീയാധികാരം നിയമാംഗീകാരം ആവശ്യപ്പെടുന്നതാണ്. സാമൂഹികമായി വിഭിന്ന പ്രയോഗങ്ങളുണ്ടാക്കിയെടുക്കാവുന്ന വ്യവസ്ഥയുടെ ക്രമീകരണങ്ങൾ എങ്ങനെയൊക്കെയാവാം, എന്തൊക്കെ മാറ്റം വരുത്തണം എന്നൊക്കെ തീരുമാനിക്കേണ്ടത് ജനമല്ല, രാഷ്ട്രീയ അധികാരികളാണ്. അതായത് രാഷ്ട്രീയ പ്രതിനിധികളുടെ തീരുമാനങ്ങൾക്കു മാത്രമേ നിയമാംഗീകാരമുള്ളൂ. സാമൂഹികാധികാരവും രാഷ്ട്രീയാധികാരവും തമ്മിലുള്ള ഈ വിടവാണ് യഥാർത്ഥത്തിൽ ജനാധിപത്യത്തിന്റെ ചതിക്കുഴി. ഇവിടെ ഭരിക്കപ്പെടുന്ന ജനവും (governed) ഭരിക്കുന്ന പ്രതിനിധിയും (governor) തമ്മിൽ അകലം ഉണ്ടാവുന്നു. ഭരിക്കപ്പെടുന്ന ജനം അധികാരികൾ എന്ത് തീരുമാനിക്കുന്നു എന്നോ എന്തിനുവേണ്ടി തീരുമാനിക്കുന്നു എന്നോ സാമാന്യേന അറിയുന്നില്ല. പക്ഷേ ജനാധിപത്യ സങ്കല്പത്തിൽ ഭരിക്കപ്പെടുന്നവൻ തന്നെയാണ് ഭരണകർത്താവ് എന്നതുകൊണ്ട് ഭരിക്കുന്നവൻ ആർക്കുവേണ്ടി, എന്തിനുവേണ്ടി, എന്ത് തീരുമാനമെടുക്കുന്നു എന്നത് വ്യക്തമായി അറിഞ്ഞിരിക്കണം.

ഈ സാഹചര്യത്തിൽ ഒരു ജനപ്രതിനിധി 'ജനം' ആരാണ്, എന്താണ് അവരുടെ താൽപ്പര്യം എന്നിവ അവശ്യം അറിയേണ്ടതുണ്ട്. ജനം അവ്യക്തവും അനിർവ്വചനീയവുമായി കിടക്കുന്നതിന്റെ പ്രധാന കാരണം അവർ പല താൽപ്പര്യങ്ങൾ നിലനിർത്തുന്നു എന്നതുകൊണ്ടാണ്. സാമൂഹിക മാറ്റങ്ങളുടെ അടിസ്ഥാനം ജനതാൽപ്പര്യം തന്നെയാണ്. ഉദാഹരണത്തിന് ഒരു പുതിയ യന്ത്രം പരിചയപ്പെടുമ്പോൾ ആളുകൾക്ക് പഴയ രീതിയോടുള്ള താൽപ്പര്യം കുറയും. പുതിയ യന്ത്രത്തോടുള്ള താൽപ്പര്യം കൂടും. അതനുസരിച്ച് അവരുടെ സ്വഭാവം, പെരുമാറ്റം, ബന്ധങ്ങൾ ഒക്കെ മാറും. ഇവിടെ യഥാർത്ഥത്തിൽ നിലനിൽക്കുന്ന ഒരു സ്ഥാപനം പുനർനിർവചിക്കപ്പെടുകയാണ്. ഇത് രാഷ്ട്രീയ പ്രശ്നം

തന്നെ.

ജനാധികാരം സാക്ഷാത്കരിക്കുന്നത് ജനതാൽപ്പര്യങ്ങളിലൂടെയാണ്. ഇവിടെ താൽപ്പര്യം (interest) എന്നതുകൊണ്ട് വ്യക്തിഗതമായ നിക്ഷിപ്ത താൽപ്പര്യമാണ് ഉദ്ദേശിക്കുന്നത്. ഒരാളുടെ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ അല്ല അയാൾക്ക് ആവശ്യം വേണ്ടതിന് നിർണ്ണയിക്കുന്നത്, അതുപോലെ ഒരാൾക്ക് അവശ്യം വേണ്ടതിനെ (needs) ആശ്രയിച്ചല്ല അയാൾക്ക് ആവശ്യകതകൾ (wants) ഉണ്ടാവുന്നത്. അതായത് ഒരാളുടെ താൽപ്പര്യം, ആവശ്യം, ആവശ്യകത ഇതൊക്കെ വ്യത്യസ്തങ്ങളായി വ്യാഖ്യാനിച്ച് രൂപപ്പെടുത്തുന്ന മാനസികാവസ്ഥകളാണ്. ജനങ്ങൾക്ക് ആവശ്യം ആവശ്യമായിട്ടുള്ളത്. അല്ലെങ്കിൽ അവർ ആവശ്യപ്പെടുന്നത് പരിഗണിച്ചല്ല രാഷ്ട്രീയ ക്രമീകരണങ്ങൾ നടത്തുന്നത്. മറിച്ച് അവരുടെ താൽപ്പര്യത്തെ മുൻനിർത്തിയാണ് ജനാധികാരം നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ താൽപ്പര്യങ്ങളുടെ സമാനത ജനാധികാര സാക്ഷാത്കാരത്തിന് പ്രധാന ഘടകമാണ്. വിരുദ്ധ താൽപ്പര്യങ്ങൾ നിലനിൽക്കുന്നത് ജനാധികാരത്തിന് വിലങ്ങുതടിയാണ്. മാർക്സ് ഇത്തരത്തിലുള്ള വിരുദ്ധ താൽപ്പര്യങ്ങളെ വർഗ്ഗ താൽപ്പര്യങ്ങളായിട്ടാണ് കാണുന്നത്. ഇതിന് പരിഹാരമായി മാർക്സ് മുന്നോട്ടുവയ്ക്കുന്നത് വർഗ്ഗസമരവും അതിലൂടെ നേടുന്ന വിപ്ലവവുമാണ്. അതായത് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം. ഇതുപോലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഓരോ താൽപ്പര്യങ്ങൾ സംബോധന ചെയ്യുന്നുണ്ട്.

സാമൂഹികാധികാരത്തെ പുനർനിർവചിക്കുമ്പോൾ ജനങ്ങളുടെ താൽപ്പര്യങ്ങളെ പ്രതിമാനമായി (normative) കാണേണ്ടതില്ല. അവരുടെ താൽപ്പര്യങ്ങൾ സർഗ്ഗാത്മകമായി നിർമ്മിച്ചെടുക്കപ്പെടുകയാണ് ചെയ്യുന്നത്. സ്വന്തം വ്യക്തിത്വത്തെ കുറിച്ചുള്ള ധാരണ ചില താൽപര്യാടിസ്ഥാനത്തിൽ സർഗ്ഗാത്മകമായി സമൂഹത്തിൽ രൂപപ്പെടുകയാണ്. ശീലങ്ങൾ അവശ്യം വേണ്ടത്, ആവശ്യപ്പെടുന്നത് ഇവയൊക്കെ സാമൂഹ്യ ജിവിതത്തിൽ ഒരു പ്രത്യേക താൽപ്പര്യാടിസ്ഥാനത്തിൽ രൂപപ്പെടുന്നതാണ്. സാമൂഹ്യ മാറ്റങ്ങൾ തിരിച്ചറിയാൻ കഴിയുന്നത് ജനതാൽപ്പര്യങ്ങളിലുണ്ടാവുന്ന മാറ്റങ്ങളിലൂടെയാണ്. ജനങ്ങളുടെ താൽപ്പര്യങ്ങൾ നിർമ്മിച്ചെടുക്കാൻ ശക്തിയുള്ള പല ഘടകങ്ങളും സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ടാകാം. അഡോണോ എന്ന ചിന്തകൻ പറയുന്ന 'സാംസ്കാരിക വ്യവസായം' ജനതാൽപ്പര്യങ്ങൾ ക്രമീകരിച്ച് രൂപപ്പെടുത്തുന്നതിന് സംബന്ധിച്ചതാണ്. ഇങ്ങനെ നിർമ്മിച്ചെടുക്കുന്ന താൽപ്പര്യങ്ങളെ പാരമ്പര്യം നിയന്ത്രണ മനോഭാവത്തോടെയാണ് നേരിട്ടത്. പക്ഷേ ഇന്നത്തെ സമൂഹത്തിൽ ഇങ്ങനെ നിർമ്മിച്ചെടുക്കുന്ന താൽപ്പര്യങ്ങളെ നിയന്ത്രിക്കാനുള്ള വ്യവസ്ഥ ഇല്ല. അതുകൊണ്ടുതന്നെ പലതരത്തിലുള്ള നിക്ഷിപ്ത താൽപര്യങ്ങൾ നിലനിർത്തുന്ന രാഷ്ട്രീയ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാക്കിയെടുക്കാം. പക്ഷേ എങ്ങനെയാണ് യുക്തിസഹജവും (rational) നീതിപൂർവ്വവുമായ രാഷ്ട്രീയ തീരുമാനങ്ങൾ ജനാധികാരത്തിലൂടെ നിർമ്മിച്ചെടുക്കുക എന്നതാണ് ഇവിടെ കാതലായ പ്രശ്നം.

ഇങ്ങനെ സംഘട്ടന താൽപ്പര്യങ്ങൾ നിലനിൽക്കുന്ന ഇന്നത്തെ സമൂഹത്തിൽ, ജനാധികാരം സാധ്യമാവണമെങ്കിൽ ജനങ്ങൾക്ക് ഉൾക്കാഴ്ചയും ശ്രദ്ധയും ആവശ്യമാണ്.

**ഒരു വ്യവസ്ഥയുടെ ഉള്ളിൽ തന്നെയാണ് പല താൽപ്പര്യങ്ങളും നിലനിൽക്കുന്നത്. അതുകൊണ്ട് തന്റെ താൽപ്പര്യം മറ്റുള്ളവരുടെ താൽപ്പര്യങ്ങൾക്ക് വിഘാതമാവരുതെന്ന് ഓരോ വ്യക്തിയും തീരുമാനിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് ജീവജാലങ്ങൾ അതിജീവനത്തിന്റെ പ്രശ്നം നേരിടുമ്പോൾ ജനാധിപത്യം വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടും കൈകാര്യം ചെയ്യേണ്ടതുണ്ട്.**

ഏതൊക്കെ സാഹചര്യത്തിൽ, എവിടെയൊക്കെയാണ് നാം മറ്റുള്ളവരുടെ താൽപ്പര്യങ്ങളെ അധികരിക്കുന്നത് എന്നതിനെ പറ്റിയുള്ള നിരന്തര ശ്രദ്ധ ഓരോ വ്യക്തിയിലും ഉണ്ടാവണം. ഒരു വ്യവസ്ഥയുടെ ഉള്ളിൽ തന്നെയാണ് പല താൽപ്പര്യങ്ങളും നിലനിൽക്കുന്നത്. അതുകൊണ്ട് ജനാധികാരത്തിൽ താൽപ്പര്യം മറ്റുള്ളവരുടെ താൽപ്പര്യങ്ങൾക്ക് വിഘാതമാവരുതെന്ന് ഓരോ വ്യക്തിയും തീരുമാനിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് ജീവജാലങ്ങൾ അതിജീവനത്തിന്റെ പ്രശ്നം നേരിടുമ്പോൾ ജനാധിപത്യം വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടും കൈകാര്യം ചെയ്യേണ്ടതുണ്ട്.

ജനാധികാര സാക്ഷാത്കാരത്തിൽ 'ജനം' എന്നു പറയുമ്പോൾ പരസ്പരവും ചുറ്റുപാടുകളുമായും പ്രതികരിക്കുന്ന മുഴുവൻ സസ്യങ്ങളും ജന്തുക്കളും അടങ്ങുന്ന പരിതസ്ഥിതിയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഈ അർത്ഥത്തിൽ, ജനതാൽപ്പര്യം എന്നുള്ളത് പരിസ്ഥിതിയോട് മൊത്തം സൂക്ഷ്മക്ഷമതമായ ശ്രദ്ധയും ഉൾക്കാഴ്ചയും നിലനിർത്തുന്ന മനസ്ഥിതിയാവണം. ഒരു മരം വളരണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം മരത്തിന് തന്നെ കൊടുക്കണം. സാമൂഹികവ്യവസ്ഥ കേവലം മനുഷ്യന്റെ മാത്രം നിർമ്മിതിയല്ല. അത് ജീവലോകത്തിന്റെ (living world/life world), പ്രപഞ്ചത്തിന്റെ മുഴുവൻ അധികാരവുമായി ബന്ധപ്പെടുത്തി ഉണ്ടാവുന്നതാണ്. അതുകൊണ്ട് ജനാധികാര സാക്ഷാത്കാരത്തിന് വിശാലമായ അർത്ഥങ്ങളുണ്ട്. അത് ലോകത്തിലെ സകലമാന ജീവജാലങ്ങളുടെയും താൽപ്പര്യങ്ങളെ അഭിസംബോധന ചെയ്യേണ്ടതാണ്.

'ജനം' എല്ലാ അർത്ഥത്തിലും ധാർമ്മികവും നൈതികവുമായ ഉത്തരവാദിത്വമുള്ളവരാണ്. അവർക്ക് പല താൽപ്പര്യങ്ങൾ ഉള്ളതു പോലെ നീതിബോധവും ഉണ്ട്. അവരവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുപോലെതന്നെ മറ്റുള്ളവരുടെ താൽപ്പര്യങ്ങൾ ബഹുമാനിക്കാനുള്ള ധാർമ്മിക ഉത്തരവാദിത്വം ഓരോ ജനത്തിനും ഉണ്ടാവണം. ഈ വ്യവസ്ഥ തന്നെ നീതിപൂർവ്വമാവണമെന്ന് ഓരോ വ്യക്തിയുടെയും താൽപ്പര്യമാണെങ്കിൽ ജനാധികാരം സാക്ഷാത്കരിക്കപ്പെടും. പക്ഷേ ഈ താൽപ്പര്യങ്ങൾ ജനങ്ങൾ തന്നെ നിർമ്മിച്ചെടുക്കേണ്ടതുകൊണ്ട് അവർക്ക് ആ താൽപ്പര്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള മാർഗ്ഗവും (means)കണ്ടുപിടിക്കേണ്ടതുണ്ട്.

ജനാധിപത്യ വ്യവസ്ഥയിൽ ജനാധികാര സാക്ഷാത്കാരം

**സാമൂഹികവ്യവസ്ഥ കേവലം മനുഷ്യന്റെ മാത്രം നിർമ്മിതിയല്ല. അത് ജീവലോകത്തിന്റെ, പ്രപഞ്ചത്തിന്റെ മുഴുവൻ അധികാരവുമായി ബന്ധപ്പെടുത്തി ഉണ്ടാവുന്നതാണ്. അതുകൊണ്ട് ജനാധികാര സാക്ഷാത്കാരത്തിന് വിശാലമായ അർത്ഥങ്ങളുണ്ട്. അത് ലോകത്തിലെ സകലമാന ജീവജാലങ്ങളുടെയും താൽപ്പര്യങ്ങളെ അഭിസംബോധന ചെയ്യേണ്ടതാണ്.**

എവിടെയും അവസാനിക്കുന്നില്ല. അവ്യക്തത അതിന്റെ സ്വഭാവമാണ്. അതിന്റെ നിയമസാധ്യത അനന്തമാണ്. ജനാധികാരം ചെയ്തുനോക്കുകയും തെറ്റിക്കുകയും ചെയ്യുന്നതിലൂടെ കടന്നുവരുന്നതാണ്. അത് പൂർണ്ണ അറിവ് നേടിയശേഷം കൈവരുന്ന അവസ്ഥയല്ല. അമ്പത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് എഴുതിവച്ച നിയമങ്ങൾ പഠിച്ച് അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തനം ജനാധികാര സാക്ഷാത്കാരത്തിന് ഫലപ്രദമായ ഉപാധിയല്ല. ഈ വിധത്തിൽ കാര്യങ്ങൾ കാണാൻ ശ്രമിക്കുമ്പോൾ രാഷ്ട്രീയം വളരെ ജാഗരൂകമായി സൂക്ഷ്മക്ഷമതയോടെ നിരന്തരം പ്രശ്നങ്ങളെ ശ്രദ്ധിക്കുകയും പഠിക്കുകയും പ്രശ്നപരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യാനുള്ള ഉപാധിയായിട്ടാണ് നിർവ്വചിക്കേണ്ടത്.

'ജനാധികാരം' ഇങ്ങനെ നിർവ്വചിക്കുമ്പോൾ എന്താണ് സർക്കാരിന്റെ പ്രസക്തി എന്നും തിരിച്ചറിയണം. കരം സ്വീകരിക്കുന്ന ആളെയാണ് സർക്കാർ എന്നു വിളിക്കുന്നത്. പക്ഷേ ജനാധിപത്യ സംകല്പത്തിൽ ഈ വാക്കിന്റെ അർത്ഥം പുനർവചിക്കേണ്ടിവരും. വലിയ ജനസംഖ്യയുള്ള ഇന്നത്തെ സമൂഹത്തിൽ നിയമ ക്രമീകരണങ്ങൾ സർക്കാരിലൂടെയാണ് നടക്കുന്നത്. ജനാധികാരം സാക്ഷാത്കരിക്കാൻ വേണ്ടി നിലനിൽക്കേണ്ട സർക്കാർ പലപ്പോഴും മൃഗീയമായ ഭൂപ്രദേശ അധികാര സാക്ഷാത്ക്കാരത്തിനുവേണ്ടി നിലനിൽക്കുന്നു. രണ്ടു രീതിയിലാണ് അധികാരം രാജ്യത്തിനകത്തും പുറത്തും നിലനിൽക്കുന്നത്. ആദ്യത്തേത് ഭൂദേശത്തിനകത്തുള്ള ആളുകളുടെ ഇടയിലുള്ള വിരുദ്ധ താൽപ്പര്യങ്ങൾ ക്രമീകരിക്കാൻ വേണ്ടി പോലീസ് വിഭാഗത്തെ അധികാരപ്പെടുത്തുന്നു. രണ്ടാമത്, അന്യദേശത്തുള്ളവർ സ്വന്തം ദേശത്തിലുള്ള ആളുകളെ അതിക്രമിച്ച് അധികാരം കൈയേറ്റം നടത്താതിരിക്കാനുള്ള മുൻകരുതലായി പട്ടാളത്തെ നിയോഗിക്കുന്നു. ഈ രീതിയിലുള്ള മൃഗീയ അധികാരം നിലനിൽക്കേണ്ടത് ജനതാൽപ്പര്യമാവുമ്പോൾ അത് സർക്കാരിന്റെ ബാധ്യതയും ഉത്തരവാദിത്വവുമായി മാറുന്നു. ജനാധിപത്യവ്യവസ്ഥയിൽ സർക്കാരിന് ജനതയുടെ അവകാശങ്ങൾ നിറവേറ്റിക്കൊടുക്കേണ്ട ഉത്തരവാദിത്വമുണ്ട്. 'ജനതയെ' ഇവിടെ ദേശീയമായിട്ടാണ് കാണുന്നതെങ്കിലും അത് ഭൂദേശത്തെയല്ല സൂചിപ്പിക്കുന്നത്. ദേശീയം എന്നത് ഒരു മനസ്ഥിതിയാണ്. ഈ മനസ്ഥിതിയെ ഏകരൂപമാക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ ചെയ്യുന്നത്. ഇവിടെ അവർ മനസ്സിനെയാണ് കീഴ്പ്പെടുത്താൻ ശ്രമിക്കുന്നത്. ഇത് ആഗോളവൽക്കരണത്തിന് സാധ്യത ഒരുക്കുന്നതിനോടൊപ്പം സർക്കാരിന്റെ പരമാധികാരവും നഷ്ടപ്പെടുത്തും. ഈ നഷ്ടബോധത്തെക്കുറിച്ചുള്ള ഭയമാണ് മൗലികവാദത്തെ ശക്തിപ്പെടുത്തുന്നത്. ഏതൊക്കെ രൂപത്തിൽ അധികാരം കടന്നുവരുമ്പോഴും ജനമാണ് ഭീഷണിയിലാവുന്നത്.

ജനാധികാര സംകല്പത്തിൽ ഒരാൾക്ക് മറ്റൊരാളെ അധികരിച്ചു പ്രവർത്തിക്കാനുള്ള അവകാശമില്ല. ഇത് സ്വയംഭരണ (self rule) സംവിധാനത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ഓരോ വ്യക്തിക്കും സ്വയം ഭരിക്കാനുള്ള സന്ദർഭം ഉണ്ടാവാതിരുന്നാൽ ജനാധിപത്യം അസാധ്യമാവും. സ്വയംഭരണം എന്നുള്ളത് ആത്മാഭിമാനത്തിന്റെയും (self respect) ആത്മനിയന്ത്രണത്തിന്റെയും (self restraint) ഭാഗമായി ഉണ്ടാവുന്ന സ്വയം ക്രമീകൃതമായ വ്യവസ്ഥയാണ്. ഇത് ശരിയായ രീതിയിൽ നടപ്പിലാവണമെങ്കിൽ ജനങ്ങൾ തെരഞ്ഞെടുപ്പ് പ്രക്രിയയിലും (പ്രതിനിധാന വേളയിൽ) നിയമ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിലും രാഷ്ട്രീയ സൂക്ഷ്മത (political sensitivity) കാണിക്കണം. രാഷ്ട്രീയ ചർച്ചകൾക്ക് സാധ്യത ഒരുക്കിക്കൊടുക്കേണ്ടത് ജനാധിപത്യത്തിന്റെ ആവശ്യമാണ്. ജനതാൽപ്പര്യ സംരക്ഷണത്തിനുവേണ്ടി നിർമ്മിച്ചെടുത്ത നിയമവ്യവസ്ഥ എന്തുകൊണ്ട് ജനത്തിന് എതിരാവുന്നു എന്ന് ജനപ്രതിനിധികൾ അന്വേഷിക്കേണ്ടതാണ്. രാഷ്ട്രീയ പ്രവർത്തകർ വിവരങ്ങൾ സംഭരിക്കുകയും സ്വയം മനസ്സിലാക്കുകയും അന്വേഷിച്ച കാര്യങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യാൻ പ്രാപ്തരാവണം. ഇവിടെയാണ് നിയുക്ത പ്രവൃത്തി ഫലപ്രദമാവേണ്ടത്. നിയമങ്ങൾ അവസാന വാക്കല്ല. അത് വ്യാഖ്യാനിച്ചെടുക്കാവുന്നതാണ്. നിയമവ്യവസ്ഥയിലൂടെ തന്നെയാണ് ധർമ്മവും നീതിയും നടപ്പിലാക്കേണ്ടത്. ഇവിടെ നാം ചോദ്യം ചെയ്യേണ്ടത് നീതിന്യായ കോടതിയെ അല്ല മറിച്ച് അതിന്റെ പ്രവർത്തന താൽപര്യങ്ങളെയാണ്. മാറുന്ന സാമൂഹിക പരിതസ്ഥിതിയിൽ നിയമ നിർവഹണത്തിലുള്ള ന്യായാധിപന്മാരുടെ അലംഭാവമാണ് നീതിയും ന്യായവും തമ്മിൽ അകലം സൃഷ്ടിക്കുന്നത്.

*സംഘാടകർ : കേരളീയം, ഹരിതമൈത്രി, പ്രയോഗ ട്രസ്റ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ്, പ്രാച്ചിമട പഠനസംഘം.*

**ജനാധികാരത്തിനായുള്ള സാമൂഹിക പ്രവർത്തനം**
**പ്രഭാഷണങ്ങളും ചർച്ചയും**
**2005 ആഗസ്റ്റ് 27, 28 തീയതികളിൽ**
**അങ്കമാലി സുരഭി ടൂറിസ്റ്റ് ഹോമിൽവച്ച്**

ജനാധികാരം എന്നതുകൊണ്ട് നാമെന്താണ് അർത്ഥമാക്കുന്നത്? നിലവിലുള്ള ജനാധിപത്യത്തിന്റെ പരിമിതികൾ എന്തൊക്കെയാണ്? സാമൂഹിക പ്രവർത്തകരെന്ന നിലയിൽ നമ്മുടെ പ്രവർത്തന രീതികളിലും സമീപനങ്ങളിലും എന്തെങ്കിലും മാറ്റം ആവശ്യമായിത്തീരുന്നുണ്ടോ? അധികാര ശ്രേണികളെ നിലനിർത്തുന്നതിൽ നമ്മുടെ തന്നെ പങ്കെന്താണ്? ഡോ. നിസാർ അഹമ്മദ്, വിളയോടി വേണുഗോപാൽ, ഫാ. മാണി, ഡോ. രാഘവൻ, സുരേഷ് ജോർജ്ജ്, കെ.എം. സുധാകരൻ, മൈത്രി പ്രസാദ്, ആർ. അജയൻ തുടങ്ങിയവർ സംസാരിക്കും. തുടർന്ന് പൊതുചർച്ച.

ഈ കൂടിച്ചേരലിൽ താങ്കൾ സുഹൃത്തുക്കളോടൊപ്പം പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.
ബന്ധങ്ങൾക്ക് : അജയ്കുമാർ, 0484-2457470/9447019546